# 1997-ലെ 14-ാം ആക്ററ്

# 1996-ലെ കേരള റവന്യൂ ബോർഡ് നിർത്തലാക്കൽ ആക്ററ് *

റവന്യൂ ബോർഡ് നിർത്തലാക്കുന്നതിനും അതുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കും വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ആക്ററ്

പീഠിക.—റവന്യൂ ബോർഡ് നിർത്തലാക്കുന്നതിനും അതുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കും വ്യവസ്ഥ ചെയ്യുന്നത് യുക്തമായിരിക്കയാൽ;

ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ നാൽപ്പത്തേഴാം സംവത്സരത്തിൽ താഴെ പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്ററിന് 1996-ലെ കേരള റവന്യൂ ബോർഡ് നിർത്തലാക്കൽ ആക്ററ് എന്ന് പേര് പറയാം.

(2) ഇത് സർക്കാർ ഗസററ് വിജ്ഞാപനംവഴി നിശ്ചയിക്കുന്ന [1]തീയതിയിൽ പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്ററിൽ സന്ദർഭം മററു വിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

(എ) "തക്ക അധികാരസ്ഥാനം" എന്നാൽ 4-ാം വകുപ്പ് (1)-ാം ഉപവകുപ്പിൻകീഴിൽ സർക്കാർ നിർദ്ദേശിക്കുന്ന കമ്മീഷണറോ അല്ലെങ്കിൽ ജില്ലാ കളക്ടറോ എന്നർത്ഥമാകുന്നു;

(ബി) "റവന്യൂ ബോർഡ്" എന്നാൽ സംസ്ഥാനത്തിനുവേണ്ടി 1957-ലെ റവന്യൂ ബോർഡ് ആക്ടി (1957-ലെ 7)-ൻ കീഴിൽ രൂപീകരിച്ച റവന്യൂ ബോർഡ് എന്നർത്ഥമാകുന്നു;

---

*1997 ഡിസംബർ 3-ാം തീയതി ഗവർണ്ണറുടെ അനുമതി ലഭിക്കുകയും 1997 ഡിസംബർ 18-ാം തീയതിയിലെ 1813-ാം നമ്പർ കേരള അസാധാരണ ഗസറ്റായി പ്രസിദ്ധീകരിക്കുകയും ചെയ്തു.

1.1998 ജൂൺ 20-ാം തീയതിയിലെ എസ്.ആർ.ഒ നമ്പർ 507/98 (1998 ജൂൺ 20-ാം തീയതിയിലെ 961-ാം നമ്പർ കേരള അസാധാരണ ഗസറ്റ്) പ്രകാരം 1998 ജൂലൈ 1-ാം തീയതി പ്രാബല്യത്തിൽ വന്നു.

(സി) “കമ്മീഷണർ” എന്നാൽ 5-ാം വകുപ്പിൻ കീഴിൽ നിയമിക്കപ്പെട്ട ഒരു കമ്മീഷണർ എന്നർത്ഥമാകുന്നു;

(ഡി) “നിയമം” എന്നതിൽ ഏതൊരു ചട്ടമോ ബൈലായോ റഗുലേഷനോ വിജ്ഞാപനമോ പദ്ധതിയോ ഫാറമോ സർക്കാർ ഉത്തരവോ ഉൾപ്പെടുന്നതാകുന്നു;

(ഇ) “സംസ്ഥാനം” എന്നാൽ കേരള സംസ്ഥാനം എന്നർത്ഥമാകുന്നു;

3. റവന്യൂ ബോർഡ് നിർത്തലാക്കൽ.— ഈ ആക്റ്റ് നിലവിൽവരുന്ന തീയതിയിലും അന്നുമുതലും റവന്യൂ ബോർഡ് നിർത്തലാക്കിയിരിക്കുന്നു.

4. റവന്യൂ ബോർഡിൻെറയും റവന്യൂ ബോർഡ് അംഗങ്ങളുടേയും അധികാരങ്ങൾ സർക്കാരോ തക്ക അധികാരസ്ഥാനമോ വിനിയോഗിക്കേണ്ടതാണെന്ന്.—(1) ഈ ആക്ററിൻെറ പ്രാരംഭത്തീയതിക്കു തൊട്ടുമുമ്പ് ഏതെങ്കിലും നിയമത്താലോ നിയമത്തിൻകീഴിലോ റവന്യൂ ബോർഡിലോ റവന്യൂ ബോർഡിൻെറ ഏതൊരു അംഗത്തിലോ നിക്ഷിപ്തമാക്കപ്പെട്ട അധികാരിതയും അധികാരങ്ങളും അവർ നിർവ്വഹിച്ച കർത്തവ്യങ്ങളും, ഇതിലേക്ക് ഗസററു വിജ്ഞാപനംവഴി അങ്ങനെയുള്ള വിജ്ഞാപനത്തിൽ പറയാവുന്ന അങ്ങനെയുള്ള സംഗതികൾ സംബന്ധിച്ചും അങ്ങനെയുള്ള തീയതി മുതലും—

(എ) സർക്കാരിലോ; അല്ലെങ്കിൽ

(ബി) കമ്മീഷണറിലോ; അല്ലെങ്കിൽ

(സി) ജില്ലാ കളക്ടറിലോ,

നിക്ഷിപ്തമാകുന്നതും അവർ നിർവ്വഹിക്കേണ്ടതുമാണ്.

(2) (1)-ാം ഉപവകുപ്പിൻകീഴിൽ പുറപ്പെടുവിച്ച ഏതൊരു വിജ്ഞാപനവും ഗസററ് വിജ്ഞാപനംവഴി സർക്കാരിന് രൂപഭേദപ്പെടുത്തുകയോ റദ്ദാക്കുകയോ ചെയ്യാവുന്നതാണ് .

വിശദീകരണം.— ഈ വകുപ്പിന്റെ ആവശ്യങ്ങൾക്ക്, റവന്യൂ ബോർഡിൻെറ ഏതെങ്കിലും അംഗത്തിൽ നിക്ഷിപ്തമായ അധികാരിതയിലും അധികാരങ്ങളിലും അദ്ദേഹം നിർവ്വഹിച്ച കർത്തവ്യങ്ങളിലും റവന്യൂ ബോർഡ് അംഗം എന്ന അങ്ങനെയുള്ള നിലയിലോ ഏതെങ്കിലും നിയമത്താലോ നിയമത്തിൻ കീഴിലോ

നൽകപ്പെട്ട അധികാരത്തിൻെറ ബലത്തിലോ അങ്ങനെയുള്ള അംഗത്തിൽ നിക്ഷിപ്തമാക്കപ്പെട്ട അധികാരിതയും അധികാരങ്ങളും അദ്ദേഹം നിർവ്വഹിച്ച കർത്തവ്യങ്ങളും ഉൾപ്പെടുന്നതാണ്.

**5.** കമ്മീഷണർമാരുടെ നിയമനം.—സർക്കാരിന് ഗസററ് വിജ്ഞാപനംവഴി 4-ാം വകുപ്പിൻെറ ആവശ്യങ്ങൾക്ക് അഞ്ചെണ്ണത്തിൽ കവിയാതെയുള്ള കമ്മീഷണർമാരെ നിയമിക്കാവുന്നതാണ്.

**(2)** **(1)**-ാം ഉപവകുപ്പിൻ കീഴിൽ നടത്തിയ ഏതൊരു നിയമനവും ഗസററ് വിജ്ഞാപനംവഴി സർക്കാരിന് രൂപഭേദപ്പെടുത്തുകയോ റദ്ദാക്കുകയോ ചെയ്യാവുന്നതാണ് .

**6.** ആക്ടിന് മററു നിയമങ്ങളേക്കാൾ അധിക പ്രഭാവമുണ്ടായിരിക്കുമെന്ന്.— ഈ ആക്ററിലെ വ്യവസ്ഥകൾക്ക് തൽസമയം പ്രാബല്യത്തിലുള്ള മറേറതൊരു നിയമത്തിലും അവയ്ക്കു വിരുദ്ധമായി എന്തുതന്നെ അടങ്ങിയിരുന്നാലും പ്രഭാവം ഉണ്ടായിരിക്കുന്നതാണ്.

**7.** "റവന്യൂ ബോർഡ്" അല്ലെങ്കിൽ "റവന്യൂ ബോർഡ് അംഗം" അല്ലെങ്കിൽ "റവന്യൂ ബോർഡിൻെറ സ്ററാൻറിംഗ് ഓർഡറുകൾ" എന്നീ പരാമർശങ്ങൾക്ക് അർത്ഥം കൽപ്പിക്കൽ.—**(1)** ഏതെങ്കിലും നിയമം ബാധകമാകുന്നതിൽ റവന്യൂ ബോർഡിനെയോ റവന്യൂ ബോർഡ് അംഗത്തെയോ കുറിച്ചുള്ള ഏതൊരു രൂപത്തിലുമുള്ള പദപ്രയോഗത്തിലുള്ള ഏതൊരു പരാമർശവും സന്ദർഭം മററു വിധത്തിൽ ആവശ്യപ്പെടാത്തപക്ഷം, സർക്കാരിനെയോ 4-ാം വകപ്പ് **(1)**-ാം ഉപവകുപ്പിൻകീഴിലുള്ള വിജ്ഞാപനത്തിൽ പറയുന്ന തക്ക അധികാരസ്ഥാനത്തെയോ കുറിച്ചുള്ള പരാമർശമായി കരുതേണ്ടതാണ്.

**(2)** ഈ ആക്ററിൻെറ പ്രാരംഭത്തീയതിയിൽ പ്രാബല്യത്തിലുള്ള റവന്യൂ ബോർഡിൻെറ സ്ററാൻറിംഗ് ഓർഡറുകൾ പ്രസ്തുത തീയതിയിലും തീയതി മുതലും "ർറവന്യൂ സ്ററാൻറിംഗ് ഓർഡറുകൾ" എന്നറിയപ്പെടുന്നതും സർക്കാർ മാററം വരുത്തുകയോ ഭേദഗതി ചെയ്യുകയോ റദ്ദാക്കുകയോ ചെയ്യുന്നതുവരെ പ്രാബല്യത്തിൽ തുടരുന്നതുമാണ്.

**8.** വൈഷമ്യങ്ങൾ നീക്കം ചെയ്യുവാനുള്ള അധികാരം.— ഈ ആക്ററിലെ വ്യവസ്ഥകൾക്ക് പ്രാബല്യം നൽകുന്നതിൽ എന്തെങ്കിലും വൈഷമ്യം ഉളവാകുന്ന പക്ഷം സർക്കാരിന് ഗസററിൽ വിജ്ഞാപനം ചെയ്ത ഉത്തരവിനാൽ, ഈ ആക്ററിലെ വ്യവസ്ഥകൾക്ക് അസംഗതമല്ലാത്ത,

വൈഷമ്യം നീക്കുന്ന ആവശ്യത്തിന് ആവശ്യമോ യുക്തമോ എന്നു സർക്കാരിനു തോന്നുന്ന, അങ്ങനെയുള്ള വ്യവസ്ഥകൾ ഉണ്ടാക്കുകയോ അങ്ങനെയുള്ള നിർദ്ദേശങ്ങൾ നൽകുകയോ ചെയ്യാവുന്നതാണ്:

എന്നാൽ, അങ്ങനെയുള്ള യാതൊരു ഉത്തരവും ഈ ആക്ററിന്റെ പ്രാരംഭത്തീയതിമുതൽ രണ്ടുവർഷം അവസാനിച്ചശേഷം ഉണ്ടാക്കുവാൻ പാടില്ലാത്തതാണ്;

(2) പ്രത്യേകിച്ചും മുൻപറഞ്ഞ അധികാരത്തിന്റെ സാമാന്യതയ്ക്ക് ഭംഗം കൂടാതെയും അങ്ങനെയുള്ള ഏതൊരു വിജ്ഞാപിത ഉത്തരവിലും, റവന്യൂ ബോർഡിന്റെയോ ഒരു റവന്യൂ ബോർഡ് അംഗത്തിന്റെയോ മുൻപാകെ ഈ ആക്ററിന്റെ പ്രാരംഭത്തീയതിക്കു തൊട്ടുമുമ്പ് തീർപ്പാകാതെയിരിക്കുന്ന ഏതൊരു സംഗതിയും സർക്കാരിലേക്കോ 4-ാം വകപ്പ് (1)-ാം ഉപവകുപ്പിൻ കീഴിലുള്ള വിജ്ഞാപനത്തിൽ പറയുന്ന തക്ക അധികാരസ്ഥാനത്തിലേക്കോ മാററുന്നതിന് വ്യവസ്ഥ ചെയ്യാവുന്നതാണ്.

(3) ഈ വകുപ്പിൻകീഴിൽ പുറപ്പെടുവിച്ച ഓരോ വിജ്ഞാപിത ഉത്തരവും അതുണ്ടാക്കിയശേഷം ഉടൻതന്നെ നിയമസഭ മുൻപാകെ വയ്ക്കേണ്ടതാണ്.

9. <u>ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം</u>.—(1) സർക്കാരിന് ഗസററു വിജ്ഞാപനംവഴി ഈ ആക്ററിലെ വ്യവസ്ഥകൾ എല്ലാമോ ഏതെങ്കിലുമോ നടപ്പാക്കുന്നതിന് ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) ഈ ആക്ററിൻ കീഴിലുണ്ടാക്കുന്ന ഏതൊരു ചട്ടവും അതുണ്ടാക്കിയ ശേഷം കഴിയുന്നത്രവേഗം നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ സഭ മുൻപാകെ ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ടു സമ്മേളനങ്ങളിലോ പെടാവുന്ന ആകെ പതിനാലു ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും അപ്രകാരം അതു ഏതു സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിനുമുൻപ് നിയമസഭ ചട്ടത്തിൽ ഏതെങ്കിലും ഭേദഗതി വരുത്തുകയോ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം, ആ ചട്ടത്തിന് അതിനുശേഷം, അതതു സംഗതിപോലെ, അങ്ങനെ ഭേദഗതി ചെയ്ത രൂപത്തിൽ മാത്രം പ്രാബല്യം ഉണ്ടായിരിക്കുകയോ അഥവാ യാതൊരു പ്രാബല്യവുമില്ലാതിരിക്കുകയോ ചെയ്യുന്നതുമാകുന്നു; എന്നിരുന്നാലും അങ്ങനെയുള്ള ഏതെങ്കിലും ഭേദഗതിയോ റദ്ദാക്കലോ, ആ ചട്ടപ്രകാരം മുൻപ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്തവിധത്തിലായിരിക്കേണ്ടതാണ്.

**10.** <u>റദ്ദാക്കൽ</u>.— **(1) 1957**-ലെ കേരള റവന്യൂ ബോർഡ് ആക്ററ് **(1957**-ലെ **7)** ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

**(2)** അപ്രകാരം റദ്ദാക്കിയിരുന്നാൽ തന്നെയും—

**(i)** ഈ ആക്ററിന്റെ പ്രാരംഭ തീയതിയിൽ തത്സമയം നിലവിലുള്ള ഏതെങ്കിലും നിയമത്തിൻ കീഴിൽ, റവന്യൂ ബോർഡിലോ റവന്യുബോർഡിലെ ഏതെങ്കിലും അംഗത്തിനു മുമ്പാകെയോ, നിലനില്ക്കുന്ന ഏതൊരു അപേക്ഷയോ, അപ്പീലോ റിവിഷനോ, മററു നടപടിയോ, **4**-ാം വകുപ്പ് **(1)**-ാം ഉപവകുപ്പു പ്രകാരമുള്ള വിജ്ഞാപനത്തിൽ നിർദ്ദേശിച്ച പ്രകാരം, സർക്കാരിലേക്കോ തക്ക അധികാരസ്ഥാനത്തിലേക്കോ കൈമാറുന്നതാണ്;

**(ii)** ഈ ആക്ററിന്റെ പ്രാരംഭ തീയതിക്ക് മുൻപ്, തത്സമയം നിലവിലുള്ള ഏതെങ്കിലും നിയമപ്രകാരം റവന്യു ബോർഡോ, റവന്യു ബോർഡിലെ ഏതെങ്കിലും അംഗമോ, പാസാക്കിയ ഏതെങ്കിലും ഉത്തരവോ നൽകിയ ഏതെങ്കിലും തീരുമാനമോ ഉൾപ്പെടെ ചെയ്ത ഏതൊരു പ്രവർത്തിയോ അല്ലെങ്കിൽ എടുത്ത ഏതെങ്കിലും നടപടിയോ, സർക്കാരോ തക്ക അധികാരസ്ഥാനമോ, ചെയ്തതോ, എടുത്തതോ പാസാക്കിയതോ നൽകിയതോ ആയി കണക്കാക്കേണ്ടതാണ്.